DESPATCHED
On.16/12/21...

1

28/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No.1094(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.6446/എസ്.ഐ.സി-ജി 5/2021)*

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. റ്റി.ഐ. അഗസ്തി,
തെക്കേക്കര വീട്, ചാലാക്ക,
നോർത്ത് കുത്തിയത്തോട് പി.ഒ.,
എറണാകുളം-683 594
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   കുന്നുകര ഗ്രാമപഞ്ചായത്ത്,
   കുന്നുകര, എറണാകുളം-683 578
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസി. ഡയറക്ടർ,
   എറണാകുളം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 02.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08.04.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.05.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 02.06.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23.06.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13.09.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 12.10.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17.11.2021, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. റ്റി.ഐ. അഗസ്തി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമായില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് തെളിവ് ശേഖരിക്കാതെ ഏകപക്ഷീയമായി അപ്പീൽ തീർപ്പാക്കിയെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 02.03.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് കുന്നുകര ഗ്രാമപഞ്ചായത്തിലെ കണ്ണാക്കൽ-കാഞ്ഞിരക്കാട് ചിറ, തോട് ശുചീകരണം സംബന്ധിച്ചുള്ള വിവരങ്ങളാണ്. ആയതിന് ഒന്നാം എതിർകക്ഷി ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലെന്ന വിവരം അറിയിച്ചതായി കാണുന്നു. ആയതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ രണ്ടാം എതിർകക്ഷി തീർപ്പാക്കിയതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി 12.10.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി ഹർജികക്ഷിക്കു നൽകിയ മറുപടി തൃപ്തികരമാണെന്ന് വിലയിരുത്തി, ഒന്നാം അപ്പീൽ തീർപ്പാക്കിയതാണെന്നും വീണ്ടും സമാനമായ വിഷയത്തിൽ അപേക്ഷ സമർപ്പിച്ചുവെന്നും ടി

വിഷയത്തിൽ ഒന്നാം എതിർകക്ഷി രണ്ടാം എതിർകക്ഷിക്കു നൽകിയ റിപ്പോർട്ടിൽ അറിയിച്ചത്, കുന്നുകര പഞ്ചായത്ത് ശുദ്ധീകരിച്ചിട്ടില്ലെന്നും ഫണ്ട് ലഭ്യത അനുസരിച്ച് മാത്രമേ ശുദ്ധീകരണം സാധ്യമാകുകയുള്ളുവെന്നും സർക്കാർ നിർദ്ദേശപ്രകാരം നീർച്ചാലുകളുടെ പുനരുജ്ജീവനം സംബന്ധിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റി നേരിട്ട് ചെയ്ത പ്രവൃത്തിയാണെന്നും അതോറിറ്റിയുടെ സമയോചിതമായി തോട് തെളിക്കൽ പദ്ധതി മൂലമാണ് 2020 ലെ വെള്ളപ്പൊക്കം ടി പ്രദേശത്തെ സാരമായി ബാധിക്കാതിരുന്നതാണെന്നും സാധാരണയായി ടി പ്രദേശം ശക്തിയായ മഴമൂലം പെട്ടെന്ന് ജനവാസ പ്രദേശങ്ങളിൽ വെള്ളം കയറുന്ന പ്രദേശമാണെന്നും ആയതിന്റെ പ്രയോജനം ടിയാനും ലഭിച്ചിട്ടുണ്ടെന്നും ടിയാന്റെ വസ്തുവിലൂടെ തോട് തെളിച്ചിട്ടില്ലാത്തതാണെന്നും ഫണ്ട് ലഭ്യമാകുന്ന മുറക്ക് മാത്രമേ തോടിന്റെ ബാക്കി വരുന്ന ഭാഗം സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് സാധിക്കുകയുള്ളുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരന്റെ 25.09.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 19.10.2020 ലും ടിയാന്റെ 02.03.2021 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 25.03.2021 ലും മറുപടി നൽകിയതായി കാണുന്നു. എന്നാൽ ഈ രണ്ടു മറുപടികളിലും നൽകിയ വിവരങ്ങൾ വ്യത്യസ്തമാണെന്നു കമ്മീഷൻ കാണുന്നു. ടിയാന്റെ ചോദ്യങ്ങളിൽ സമാനമായ വിഷയങ്ങൾ തന്നെയാണ് ചോദിച്ചിരിക്കുന്നത്. ഹർജിക്കാരന്റെ 25.09.2020 ലെ വിവരാവകാശ അപേ ക്ഷയിന്മേൽ 19.10.2020 ൽ കുന്നുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ

മറുപടിയിൽ പറഞ്ഞിട്ടുള്ളത് 15-ാം വാർഡ് വഴി പോകുന്ന കണ്ണാക്കൽ-കാഞ്ഞിരക്കാട്ട് ചിറ പ്രധാന തോട് ശുചീകരിച്ചിട്ടുള്ളതാണെന്നും ആയതിന്റെ കൈതോടുകൾ ഫണ്ടു ലഭ്യമാകുന്ന മുറയ്ക്ക് ശുചീകരിക്കുന്നതാണ് എന്നും ടിയാന്റെ 02.03.2021 ലെ വിവരാവകാശ അപേക്ഷയിന്മേൽ കുന്നുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇൻ ചാർജ് 25.03.2021 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, കണ്ണാക്കൽ-കാഞ്ഞിരക്കാട്ട് ചിറ പ്രധാന തോട് ശുചീകരണ പ്രവൃത്തി പഞ്ചായത്ത് ഏറ്റെടുത്തു നടത്തിയിട്ടുള്ളതല്ലെന്നാണ്. ആയത് പരസ്പര വിരുദ്ധമായും, തെറ്റിദ്ധാരണാ ജനകമായും ഉള്ള മറുപടിയായി കമ്മീഷൻ കാണുന്നു. ആയതിന് വ്യക്തമായ വിശദീകരണം ഈ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം ഒന്നാം എതിർകക്ഷി ഹർജികക്ഷിക്കു നൽകി വിവരം കമ്മീഷനിൽ അറിയിക്കേണ്ടതാണെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 26-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp

STATE INFORMATION COMMISSION THIRUVANANTHAPURAM